(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ എസ്.എ.കെ.കെ.ഡി പി11/49/2017.

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട് ജില്ല
ഫോൺ: 04952371012.
dokkd.ksad@kerala.gov.in

തീയതി: 21-1-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൂണേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : തൂണേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3)കാര്യാലയ പകർപ്പ്

നം കെഎസ്.എ.കെ.കെ.ഡി പി11-49/2017. തിയ്യതി:21-1-2017

കോഴിക്കോട് ജില്ലയിലെ തുണേരി ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തുണേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.കെ. സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2016 മുതൽ 07.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ മോഹൻ കുരുന്നം മനക്കൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ പ്രശാന്ത് സി.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷൈജു. സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി പി കെ സുജാത ടീച്ചർ | 01.04.2015മുതൽ31.10.2015വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 01.11.2015മുതൽ11.11.2015വരെ |
| | ശ്രീ സുരേഷ് കുമാർ പി പി | 12.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ സതീഷ് ബാബു പി കെ | 01.04.2015മുതൽ31.03.2016വരെ |
| സി. നിർവ്വഹണോദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ ദിനേശ് എൻ കെ | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച്സി) | ഡോ.അബ്രഹാം ജേക്കബ് | 01.04.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഷൈജ കെ എസ്<br>ശ്രീ രതീഷ് പി ആർ<br>ശ്രീ ഇബ്രാഹിം കെ എൻ | 01.04.2015മുതൽ21.06.2015വരെ<br>22.06.2015 മുതൽ18.03.2016വരെ<br>19.03.2016മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വിജയലക്ഷ്മി കെ ടി | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കെ എൻ ഹരിലാൽ<br>ഡോ.സൗമ്യവതി എൻ കെ | 01.04.2015മുതൽ16.06.2015വരെ<br>17.06.2015 മുതൽ31.03.2016വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി ശ്യാമള കെ<br>ശ്രീമതി അനിത കെ എം | 01.04.2015 മുതൽ 06.08.2015വരെ<br>07.08.2015മുതൽ 31.03.2016 വരെ |
| വി ഇ ഓ | ശ്രീ എ ഉണ്ണികൃഷ്ണൻ<br>ശ്രീ നിസാദ് പി എം | 01.04.2015മുതൽ14.03.2016വരെ<br>15.03.2016മുതൽ31.03.2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ കെ രാജീവൻ<br>ശ്രീ മൊയ്തു പി സി | 01.04.2015മുതൽ02.06.2015 വരെ<br>03.06.2015മുതൽ31.03.2016വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി രശ്മി എസ് ആർ<br>ശ്രീ മൻമോഹൻ എസ്<br>ശ്രീമതി ഒസീല ബീവി | 01.04.2015 മുതൽ 04.07.2015വരെ<br>05.07.2015 മുതൽ 06.08.2015 വരെ<br>07.08.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.അബ്ദുൾ ലത്തീഫ്<br>ഡോ.സുനിൽകുമാർ കെ പി | 01.04.2015മുതൽ15.05.2015വരെ<br>16.05.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 | | |
| 11 | വാർഷിക ധനകാര്യപത്രിക - അപാകതകൾ | 2-1 | |
| 12 | ഡി & ഓ ലൈസൻസ് - അപാകതകൾ | 2-2 | |
| 13 | പെർമിറ്റില്ലാതെ കെട്ടിട നിർമാണം - ഫീൽഡ് സ്റ്റാഫ് റിപ്പോർട്ട് ചെയ്യുന്നില്ല | 2-3 | |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 | |
| | ഭാഗം-3 | | |
| 15 | കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചു- കരാറുകാരന് അധിക തുക നൽകി | 3-1 | |
| 16 | ടാറിംഗ് പ്രവൃത്തി - കരാറിൽ വ്യവസ്ഥ ചേർക്കാത്തത് കാരണം മാർക്കറ്റ് നിരക്കിനെക്കാൾ അധിക നിരക്കിൽ കരാറുകാർക്ക് ടാർവില അനുവദിച്ചു | 3-2 | |
| 17 | വാഴക്കന്ന് വിതരണം - പ്രൊജക്ട് മോണിറ്റർ ചെയ്തിട്ടില്ല | 3-3 | |
| 18 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ മോണിറ്റർ ചെയ്തിട്ടില്ല | 3-4 | |
| 19 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-5 | |
| 20 | തെരുവുവിളക്കുകൾക്ക് എ എം സി കരാർ - വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല | 3-6 | |
| 21 | തെരുവുവിളക്കുകളുടെ സംയുക്ത ചാർജ്ജ് പരിശോധന നടത്തിയിട്ടില്ല | 3-7 | |
| 22 | തെരുവു വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-8 | |
| 23 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - കെ എസ് ഇ ബി യിൽ നിന്നും ക്ലിയറൻസ് ലഭിച്ചിട്ടില്ല | 3-9 | |
| 24 | പഞ്ചായത്ത് നൽകുന്ന തുകയ്ക്ക് രശീതി ലഭിക്കുന്നില്ല | 3-10 | |
| 25 | അവിവാഹിത പെൻഷൻ - ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല | 3-11 | |
| 26 | തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-12 | |
| 27 | ആശ്രയ പദ്ധതി - പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും വീഴ്ച | 3-13 | |
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.02.2015 തിയതിയിലെ 10/2015 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 25.07.2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-7-16 | അനുബന്ധം 1 കാണുക. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14476833.25

വരവ് - 28970017

ആകെ - 43446850.25

ചെലവ് – 37813723

നീക്കിയിരിപ്പ് - 5633127.25

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2229754 | 1876389 | 4106143 | 8712340 | 4606197 | 0 |
| വികസനഫണ്ട് എസ്.സി.പി. | 625402 | 192511 | 817913 | 342511 | (-)475402(ട്രാൻസ്ഫർ ക്രഡിറ്റ്) | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1105644 | 5456000 | 6561644 | 6221823 | (-)339821 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 839355 | 676119 339821 (from | 1515474 | 1515474 | (+)339821 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | Road) | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 461883 | 4605334 | 5067217 | 3256522 | (-)1810695 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2320100 | 2320100 | 4640200 | 23201002 | (-)2320100 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 4396.50 | 6496864 | 6501260 | 6495208 | | 6052 |
| ബി ഫണ്ട് | 0 | 266758.67 | 266758.67 | 266758.67 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 32680595 | 107 | 27741052 | 2 | 10 | 91 |

മേഖല തിരിച്ച് വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ പ്രൊജക്റ്റുകൾ | | പട്ടികജാതി | | പട്ടിക വർഗ്ഗം | | ആകെ | നടപ്പാക്കിയവ |
|---|---|---|---|---|---|---|---|---|
| | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | ആകെ | നടപ്പാക്കിയവ | | |
| ഉൽപാദനം | 8 | 8 | 2 | 2 | -- | -- | 10 | 10 |
| സേവനം | 36 | 33 | 5 | 4 | -- | -- | 41 | 37 |
| പശ്ചാത്തലം | 66 | 60 | -- | -- | -- | -- | 66 | 60 |
| | 110 | 101 | 7 | 6 | -- | -- | 117 | 107 |

2015-16 വർഷം അംഗീകാരം ലഭിച്ച 110 പ്രൊജക്റ്റുകളിൽ 101 എണ്ണമാണ് നടപ്പാക്കിയത്. പദ്ധതി രേഖ പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും ചെറുകിട കർഷകരോ കർഷക തൊഴിലാളികളോ ആണ്. എന്നാൽ കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് വേണ്ടത്ര പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. രണ്ട് പ്രൊജക്റ്റുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയിൽ 5 പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കാർഷികപ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കൃഷി, മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

സേവന – പശ്ചാത്തല മേഖലയിൽ ഏറ്റവും കൂടുതൽ പ്രൊജക്റ്റുകൾ അസി.എഞ്ചിനീയർക്കായിരുന്നു നടപ്പാക്കാനുണ്ടായിരുന്നത്. ആകെ 76 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 67 പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കുന്നതിനാലാണ് മരാമത്ത് വിഭാഗത്തിൽ പ്രൊജക്റ്റുകളുടെ എണ്ണക്കൂടുതലിന് കാരണം. സമഗ്രമായരീതിയിൽ പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വിവിധ മേഖലകളിൽ കാര്യക്ഷമമായ രീതിയിൽ ഫണ്ട് വിതരണവും വിനിയോഗവും സാധ്യമാക്കി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പു വരുത്തുന്ന തരത്തിൽ പ്രൊജക്ടുകളുടെ ആസൂത്രണവും നിർവ്വഹണവും ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം9.8 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3341649 | 3014886 | 326763 | |
| നികുതിയേതര വരവുകൾ | 583930 | 523153 | 60777 | |
| മറ്റുവരവുകൾ | 0 | 210 | 210 | |
| ആകെ | 3925579 | 3538249 | 387330 (-) | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 303720 | 169 |
| കർഷകതൊഴിലാളി പെൻഷൻ | 6449160 | 710 |
| വിധവാപെൻഷൻ | 8829120 | 792 |
| വാർദ്ധക്യകാലപെൻഷൻ | 7766700 | 1004 |
| വികലാംഗപെൻഷൻ | 2792160 | 240 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 335760 | 30 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.01.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8252/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2016, 04.06.2016 | 02/2016 മുതൽ 05/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.08.2007 മുതൽ 11.09.2007 | 1997-98 മുതൽ 2006-07 | 8A.1189/220<br>15.10.2007 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക ധനകാര്യ പത്രികകൾ - അപാകതകൾ വാർഷിക ധനകാര്യ പത്രിക - അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള വസ്തുനികുതി തൻവർഷ/കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ, സഞ്ചയ സോഫ്റ്റ് വേർ പ്രകാരം തയ്യാറാക്കിയ വസ്തുനികുതി രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

2. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ(37030138/-) കൃത്യത വ്യക്തമല്ല.

3. വാർഷിക ധനകാര്യപത്രിക (RP31) പ്രകാരം എസ്.എസ്.എ (ബാങ്ക് പലിശ)ഇനത്തിൽ 13047/- വരവ് കാണുന്നു.അക്കൗണ്ട് നം. 1241)ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 2483/- രൂപയാണ് 15-16 ൽ ഈ അക്കൗണ്ടിലെ പലിശ വരവ്.

4. RP31 പ്രകാരം സംയുക്ത പ്രൊജക്റ്റിനായി ജില്ലാ പഞ്ചായത്തിൽ നിന്നും തൻവർഷം 624216/- രൂ. വരവുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നും തൻവർഷം വരവില്ല.

5. ദേശീയ തൊഴിലുറപ്പ് പദ്ധതി തൻ വർഷ വരവ് I-6 പ്രകാരം 6495208/- രൂപയാണ്. ഇ.എഫ്.എം.എസ് മുഖേന തൊഴിലാളികളുടെ അക്കൗണ്ടിൽ വരവ് വന്ന തുകയും(5204447/-) RP16 പ്രകാരം അഡ്മിനിസ്ട്രേഷൻ ഇനത്തിൽ ചെക്ക് പ്രകാരം ചെലവഴിച്ച തുകയും (306302/)കൂടി I – 6 ൽ ചേർക്കേണ്ട തുകയായി ലഭിക്കുക 5510749/- രൂപയാണ്.വ്യത്യാസം 984459/-.

6. നിർവ്വഹണോദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരം ഈടാക്കിയ വാറ്റ്, ആദായ നികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ ധനകാര്യ പത്രികയിൽ ബന്ധപ്പെട്ട ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

7. വാർഷിക ധനകാര്യ പത്രിക തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ തൻവർഷം 2250/- രൂ. ഡിമാന്റ് ഉണ്ട്.എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8. കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നീയിനങ്ങളിലുള്ള വരവ് തുകകൾ റജിസ്റ്ററിലെ പല പേജുകളിലും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ RP 4 പ്രകാരമുള്ള ഈയിനങ്ങളിലെ വരവുതുകകളുടെ കൃത്യത വ്യക്തമല്ല.

9 . ഇ എം എസ് ഭവന വായ്പ രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷം തിരിച്ചടക്കാൻ ബാക്കിയായി മുന്നിരിപ്പ് കാണിച്ചിരിക്കുന്നത് 16,05,000/- രൂപയാണ്. എന്നാൽ 2014-15 ലെ ബാലൻസ് ഷീററ് പ്രകാരം കഴിഞ്ഞ വർഷാന്ത്യം ബാധ്യതാ ബാക്കിയായി രേഖപ്പെടുത്തിയത് 15,82,500/- രൂപയാണ്.

അപാകത സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 2-2 ഡി & ഓ ലൈസൻസ് - അപാകതകൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ ഡി & ഓ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത ഉള്ളതായി കാണുന്നു.

1) ഹെൽത്ത് ഇൻസ്‌പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഇല്ല

| ലൈസൻസ് നമ്പർ | പേരും വിലാസവും | ഉപയോഗം |
|---|---|---|
| 69/2015-16 | ശ്രീ രാജൻ, തെയ്യമ്പാടി മീത്തൽ, കോടഞ്ചേരി | മാർക്കറ്റിൽ മൽസ്യവില്പന |
| 70/2015-16 | ശ്രീ മനോജൻ , പുതുക്കുടി, ഉണേരി | മാർക്കറ്റിൽ മൽസ്യവില്പന |
| 83/2015-16 | വിപിൻരാജ് ചാത്തോത്ത് , ബാബു വൈശാലി, സനീഷ് മലയിൽ | വെളിച്ചെണ്ണ, സൺഫ്ലവർ ഓയിൽ മാർക്കറ്റിംഗ് |

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 2-3 പെർമിറ്റില്ലാതെ കെട്ടിട നിർമാണം - ഫീൽഡ് സ്റ്റാഫ് റിപ്പോർട്ട് ചെയ്യുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതി നിർണയവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, അകെ 325 കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തിയതിൽ 75 കെട്ടിടങ്ങൾ ക്രമവൽകരിച്ച നൽകിയതാണ്.

ഉദാ :

| ക്രമ നമ്പർ | പേരും വിലാസവും | ഫയൽ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | വിജേഷ് , എടത്തിൽ മീത്തൽ, എടച്ചേരി | A3.1839/15 | 8/34A | 206 m2 |
| 2 | ഇസ്മായിൽ, ഹാരിസ് താഴെ കടോളി, പേരോട് | A3.2357/15 | 4/181B | 252.76 m2 |
| 3 | സൂപ്പി കരിമ്പിൻപുതിയോട്ടിൽ, പേരോട് | A3.1639/15 | 5/380A | 196 m2 |
| 4 | നൗഫൽ അരവലത്ത്, കോടഞ്ചേരി | A3.1715/15 | 11/315A | 254.45 m2 |
| 5 | അബ്ദുൾ റഫീഖ്, പുതിയോട്ടിൽ | A3.1196/15 | 1/142A | 292.54 m2 |
| 6 | അബ്ദുൾ റസാഖ്, ആരിഫ കാട്ടുമഠത്തിൽ | A3.4064/14 | | 255 m2 |

250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾ പോലും ഇങ്ങനെ ക്രമവൽകരിച്ച നൽകിയിട്ടുണ്ടെങ്കിലും പെർമിറ്റില്ലാതെയുള്ള കെട്ടിട നിർമാണം ഫീൽഡ് സ്റ്റാഫ് ഒരിക്കൽപോലും റിപ്പോർട്ട് ചെയ്യുകയുണ്ടായില്ല.

കേരള കെട്ടിട നിർമാണ ചട്ടങ്ങൾ റൂൾ 4(2) പ്രകാരം " ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്നതിന മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ കെട്ടിടത്തിനും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കേണ്ടതാണ്."

കെട്ടിട നിർമാണം പൂർത്തിയായതിനുശേഷമാണ് ക്രമവൽകരണത്തിന് അപേക്ഷിക്കുന്നത് എന്നതിനാൽ, നിർമാണത്തിൽ കെട്ടിട നിർമാണ ചട്ടങ്ങളുടെ ലംഘനമുണ്ടെങ്കിൽ കെട്ടിടം പൊളിച്ചുമാറ്റേണ്ട സ്ഥിതിയുണ്ടാകാം. അനധികൃത കെട്ടിടനിർമാണം യഥാസമയംറിപ്പോർട്ട് ചെയ്യുന്നതിൽ ഫീൽഡ് സ്റ്റാഫിന് വീഴ്ച സംഭവിച്ചതായി കാണുന്നു. അപാകത പരിഹരിക്കുന്നതിനാവശ്യമായ നിർദേശം ഫീൽഡ് സ്റ്റാഫിന് നൽകേണ്ടതാണ്, ഓഡിറ്റ് എൻക്വയറി പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പ്രകാരം അടിയന്തിര ജോലികൾ ഉള്ളതിനാലാണ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയാതിരുന്നതെന്നും വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 2-4 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വിവിധ പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് 11 കോൺട്രാക്ടർമാർ കരാർ വെച്ച്, പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ശ്രീ രാജൻ തെയ്യമ്പാടി മീത്തൽ |
| 2 | ശ്രീ ഉസ്മാൻ കാഞ്ഞിരാട്ടുകുനിയിൽ |
| 3 | ശ്രീ ഹമീദ് കെ കൈതോറയിൽ |
| 4 | ശ്രീ കുഞ്ഞിരാമൻ തിരുവങ്ങോത്ത് |
| 5 | ശ്രീ കെ കുമാരൻ കണിയന്റവിട |
| 6 | ശ്രീ കെ കെ കുഞ്ഞിരാമൻ, പുഷ്പാലയം |
| 7 | ശ്രീ അബ്ദുൾ ഗഫൂർ മൂത്തലാട്ടിൽ |
| 8 | ശ്രീ മൂസ വി, വാഴയിൽ |
| 9 | ശ്രീ സുനിൽ കെ ചെറുമോത്ത് |
| 10 | ശ്രീ ദിനേശ് സിംഗ് വി പി |
| 11 | ശ്രീ എൻ ബാലൻ |

കരാറുകാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കിളച്ചെടുത്ത മണ്ണ് ഫില്ലിങ്ങിന് ഉപയോഗിച്ചു - കരാറുകാരന് അധിക തുക നല്കി.

പ്രൊജക്റ്റ് നം. 116/16 കരുവന്റെ പറമ്പത്ത് മുക്ക് - പാറോള്ളതിൽ പാറ റോഡ് നിർമ്മാണം

അടങ്കൽ - 350000/-( വികസന ഫണ്ട് ) + 150000/- (തനതുഫണ്ട്)

ചെലവ് - 350000/- (ബിൽ നം.47/31.3.16) + 150000/- ( ചെക്ക് നം. 979912/31.3.16)

നിർവ്വഹണം - അസി. എഞ്ചിനീയർ

പ്രവൃത്തിയുടെ 113/15-16 എം.ബുക്ക് ഇനം 1 (പേജ് 16) പ്രകാരം 25.33m3 മണ്ണ് കിളച്ചെടുത്തതിന് കരാറുകാരനായ കെ ഹമീദിന് 217.51/m3 നിരക്കിൽ 5509.53 രൂപ നല്കിയിട്ടുണ്ട്. എന്നാൽ എം.ബുക്ക് ഇനം 8(പേജ് 23) പ്രകാരം സൈഡ് ഫില്ലിങ്ങിനായി 292.71m3കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചതിന് 437.64m3 നിരക്കിൽ 128101.60 രൂപ നല്കി. കിളച്ചെടുത്ത മണ്ണിന്റെ അളവ് (25.33m3) കുറക്കാതെയാണ് തുക അനുവദിച്ചത്. കിളച്ചെടുത്ത മണ്ണ് ഫില്ലിങ്ങിന് ഉപയോഗയോഗ്യമല്ല എന്നത് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് പ്രകാരം കരാറുകാരന് 11085/- രൂ. (25.33m3 x 437.64/m3)അധികമായി അനുവദിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച11085/- രൂ. ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ടാറിങ്ങ് പ്രവൃത്തി - കരാറിൽ വ്യവസ്ഥ ചേർക്കാത്തത് കാരണം മാർക്കറ്റ് നിരക്കിനേക്കാൾ അധിക നിരക്കിൽ കരാറുകാർക്ക് ടാർ വില അനുവദിച്ചു.

നിർവ്വഹണം - അസി.എഞ്ചിനീയർ

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ നടത്തിയ ടാറിംഗ് പ്രവൃത്തികൾക്ക് ഈ ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ഒരു ടണ്ണിന് 41000 രൂപയും അതിന്റെ 38.10% കോസ്റ്റ് ഇൻഡക്സും ഉൾപ്പെടുന്ന തുകയാണ് വിവിധ ഇനങ്ങൾക്ക് നൽകിയത്. ജി.ഒ.(ആർ.ടി) 786/14 തസ്വഭവ തീയതിഃ 18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടാറിന്റെ വില പൊതുവിപണിയിൽ വർദ്ധിച്ചാൽ മാത്രമല്ല കുറഞ്ഞാലും ഈ ഉത്തരവ് ബാധകമാണ്. കൂടാതെ മരാമത്ത് പ്രവൃത്തികൾ ടെൻഡർ/കമ്മിറ്റികൾക്ക് എൽപ്പിച്ച് നൽകുമ്പോൾ ഇക്കാര്യം കരാറിൽ

വ്യക്തമാക്കേണ്ടതാണ്. ഇതിന്റെ അഭാവത്തിൽ ടാർ ഉപയോഗിച്ച് ചെയ്യുന്ന ഇനങ്ങൾക്ക് വൻതുക അധികമായി കരാറുകാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു. (കരാർ തീയ്യതിയിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിറ്റുമിൻ നിരക്കിൽ 5% വാറ്റ് ഉൾപ്പെടുത്തിയാണ് മാർക്കറ്റ് നിരക്ക് കണക്കാക്കിയത്.)

| ക്രമ നം. | പ്രൊജ.നം/ മറ്റ് വിവരങ്ങൾ | ചെയ്ത പ്രവൃത്തി / ബിറ്റുമിൻ ആവശ്യകത | ഡി.എസ്.ആർ നിരക്ക് പ്രകാരം നല്കിയത് കോസ്റ്റ് ഇൻഡക്സ് 0.38 കൂട്ടിയത് | മാർക്കറ്റ് നിരക്ക് -ഐ.ഓ.സി. നിരക്ക് + 5% വാറ്റ് ഉൾപ്പെടെ (മാർക്കറ്റ് വിലയിൽ കോസ് ഇൻഡക്സ് ഉൾപ്പെടുത്തുന്നില്ല) | അധികം നല്കിയ തുക | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 47/16 മലോൽമുക്ക് - വെള്ളിയോട്ട് ഇല്ലം റോഡ് കരാറുകാരൻ - ശ്രീ ഹമീദ്.കെ കരാർ തീയ്യതി - 10.2.16 എം.ബുക്ക് 141/15-16 ട്രഷറി ബിൽ നം. 52/31.3.16 | 1. ടാക്ക് കോട്ട് 0.75kg/m3x633.90m2 = 475.425kg 2. 20 cm പ്രീ മികസിങ്ങ് കാർപറ്റ് 1.44kg/m3 x 633.90m2 =912.816kg 3. സീൽകോട്ട് 0.98kg/m3 x 633.90m2 = 621.222kg ആകെ - 2009.463kg. | 56.58/kg x 2009.463kg =113695.41 | 27.30 x 2009.463kg = 54858.33 | 58837/- | ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 27.30/kg (26003+1300.15) |
| 2 | 53/16 കോട്ടേമ്പ്രം - തോട്ടോളി റോഡ് കരാറുകാരൻ - ശ്രീ കെ.കുഞ്ഞിരാമൻ കരാർ തീയ്യതി - 3.10.15 | 1. ടാക്ക് കോട്ട് 0.75kg/m3x661.5m2 = 496.125kg 2. 20 cm പ്രീ മികസിങ്ങ് കാർപറ്റ് 1.44kg/m3 x 661.50m2 =952.56kg 3. സീൽകോട്ട് | 56.58/kg x 2096.955kg = 118645.71 | 31.50 x 2096.955kg = 66054.08 | 52591.63 | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 31.50/kg (30000/MT + 1500 ) |

| | | | | | | |
|---|---|---|---|---|---|---|
| | എം.ബുക്ക് 119/15-16<br>ട്രഷറി ബിൽ നം. 40/26.3.16 | 0.98kg/m3 x 661.50m2 = 648.27kg<br>ആകെ - 2096.955kg. | | | | |
| 3 | 26/16 വടക്കേ ഉണ്ടിയിൽ മുക്ക് - കുമ്മോട്ടുമ്മൽ ക്ഷേത്രം റോഡ്<br>കരാറുകാരൻ - ശ്രീ വി.മൂസ്സ<br>കരാർ തീയ്യതി - 5.10.15<br>എം.ബുക്ക് 125/15-16<br>ട്രഷറി ബിൽ നം. 35/18.3.16 | 1. ടാക്ക് കോട്ട്<br>0.75kg/m3x 300m2 = 225kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 300m2 =432kg<br>3. സീൽകോട്ട്<br>0.98kg/m3 x 300m2 = 294kg<br>ആകെ - 951kg. | 56.58/kg x<br>951kg<br>= 53807.58 | 31.50 x 951kg = 29966.52 | 23841 | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 31.50/kg<br>(30000/MT + 1500 ) |
| 4 | 25/16 കുടോന്റവിട മുക്ക് - ചാമപ്പറമ്പത്ത് മുക്ക് റോഡ്<br>കരാറുകാരൻ - ശ്രീ വി.മൂസ്സ<br>കരാർ തീയ്യതി - 5.10.15<br>എം.ബുക്ക് 126/15-16<br>ട്രഷറി ബിൽ നം.34/18.3.16 | 1. ടാക്ക് കോട്ട്<br>0.75kg/m3x 409.25m2 = 306.937kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 409.25m2 =589.32kg<br>3. സീൽകോട്ട്<br>0.98kg/m3 x 409.25m2 = 401.065kg<br>ആകെ - 1297.322kg. | 56.58/kg x<br>1297.322kg<br>= 73402.47 | 31.50 x 1297.322kg =<br>40865.64 | 32537 | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 31.50/kg<br>(30000/MT + 1500 ) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 5 | 61/16 കണ്ണങ്കൈ - കല്ലോട്ട് മുക്ക് റോഡ്<br>കരാറുകാരൻ - ശ്രീ കെ.ഹമീദ്<br>കരാർ തീയ്യതി - 3.10.15<br>എം.ബുക്ക് 116/15-16<br>ട്രഷറി ബിൽ നം.43/29.3.16 | 1. ടാക്ക് കോട്ട്<br>0.75kg/m3x 560m2 = 420kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 560m2 = 806.40kg<br>3. സീൽകോട്ട്<br>0.98kg/m3 x 656m2 = 642.88kg<br>ആകെ - 1869.28kg. | 56.58/kg x<br>1869.28kg<br>= 105763.86 | 31.50 x 1869.28kg =<br>58882.32 | 46881 | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 31.50/kg<br>(30000/MT + 1500 ) |
| 6 | 33/16 കണ്ടോത്ത് പള്ളി - എം.എൽ.പി സ്കൂൾ റോഡ് പരിഷ്കരണം<br>കരാറുകാരൻ - ശ്രീ സുനിൽ. കെ<br>കരാർ തീയ്യതി - 15.11.15<br>എം.ബുക്ക് 120/15-16, 118/15-16<br>ട്രഷറി ബിൽ നം.41/29.3.16 | 1. ടാക്ക് കോട്ട്<br>0.75kg/m3x 594m2 = 445.5kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 594m2 = 855.360kg<br>3. സീൽകോട്ട്<br>0.98kg/m3 x 594m2 = 582.12kg<br>ആകെ - 1882.98kg. | 56.58/kg x<br>1882.98kg<br>= 106539 | 32.28 x 1882.98kg =<br>60782.59 | 45756.41 | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 32.28/kg<br>(30743/MT + 1537.15 ) |

| | | | | | | |
|---|---|---|---|---|---|---|
| 7 | 31/16 പാലത്തിൽ മുക്ക് - ചെരിപ്പോളി മുക്ക്റോഡ്<br>കരാറുകാരൻ - ശ്രീ അബ്ദുൾ ഗഫൂർ മുത്താളത്തിൽ<br>കരാർ തീയ്യതി - 19.2.16<br>എം.ബുക്ക് 115/15-16<br>ട്രഷറി ബിൽ നം.46/29.3.16 | 1. ടാക്ക് കോട്ട്<br>0.75kg/m3x 859.90m2 = 644.925kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 859.90m2 = 1238.256kg<br>3. സീൽകോട്ട്<br>0.98kg/m3 x 859.90m2 = 842.702 kg<br>ആകെ - 2725.883kg. | 56.58/kg x<br>2725.883kg<br>= 154230/- | 25.90 x 2725.883kg =<br>70600.37 | 83630/- | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 25.90/kg<br>(24673/MT + 1233.65 ) |
| 8 | 58/16 പൊന്നാണ്ടി മുക്ക് - പുത്തൻ പുരയിൽ മുക്ക് റോഡ്<br>കരാറുകാരൻ - ശ്രീ സുനിൽ. കെ<br>കരാർ തീയ്യതി - 19.12.15<br>എം.ബുക്ക് 121/15-16<br>ട്രഷറി ബിൽ നം.42/29.3.16 | 1. ടാക്ക് കോട്ട്<br>0.75kg/m3x 900m2 = 675kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 900m2 = 1296kg<br>3. സീൽകോട്ട്<br>0.98kg/m3 x 900m2 = 882 kg<br>ആകെ - 2853kg. | 56.58/kg x<br>2853kg<br>= 161422/- | 30.68 x 2853kg =<br>87530/- | 73892/- | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 30.68/kg<br>(29223/MT + 1461.15) |
| 9 | 43/16 കളത്തിൽ | 1. ടാക്ക് കോട്ട് | 56.58/kg x | 31.50 x | 50939/- | വി.ജി.10 |

| | | | | | | |
|---|---|---|---|---|---|---|
| | മുക്ക് - ബാലവാടി മുക്ക് റോഡ്<br>കരാറുകാരൻ - ശ്രീ കെ.ഹമീദ്<br>കരാർ തീയ്യതി - 3.10.15<br>എം.ബുക്ക്136 /15-16<br>ട്രഷറി ബിൽ നം.26/24.2.16 | 0.75kg/m3x 640.72m2 = 480.54kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 640.72m2 = 922.636kg<br>3. സീൽകോട്ട്<br>0.98kg/m3 x 640.72m2 = 627.905kg<br>ആകെ - 2031.081kg. | 2031.081kg<br>= 114918.56 | 2031.081kg =<br>63979.05 | | ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 31.50/kg<br>(30000/MT + 1500 ) |
| 10 | 32/16 ആവടി മുക്ക് - പുഴക്കൽ റോഡ്<br>കരാറുകാരൻ - ശ്രീ ദിനേശ് സിങ്ങ് വി.പി<br>കരാർ തീയ്യതി - 2.12.16<br>എം.ബുക്ക് 108/15-16<br>ട്രഷറി ബിൽ നം.25/25.2.16 | 1. ടാക്ക് കോട്ട്<br>0.75kg/m3x 352.20m2 = 264.15kg<br>2. 20 cm പ്രീ മികസിങ്ങ് കാർപറ്റ്<br>1.44kg/m3 x 352.20m2 = 507.168kg<br>3. സീൽകോട്ട്<br>0.98kg/m3 x 352.20m2 = 345.156 kg<br>ആകെ - 1116.474kg. | 56.58/kg x<br>1116.474kg<br>= 63170.09/- | 32 x 1116.474kg =<br>35727.16/- | 27443/- | വി.ജി.10 ബിറ്റുമിൻ ഐ.ഓ.സി നിരക്ക് 5% വാറ്റ് ഉൾപ്പെടെ 30.68/kg<br>(30483/MT + 1524.15) |
| | | | 1065594.68 | 569246.06 | | |

ഐ.ഒ.സി യുടെ മേൽചേർത്ത പ്രകാരമുള്ള മാർക്കറ്റ് നിരക്കിൽ 14% എക്സൈസ് തീരുവ കൂടി കൂട്ടിയാൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്ക് 648940.50 (569246.06 + 79694.45) രൂപയാണ്. ആയത് പ്രകാരം ബിറ്റുമിൻ വിലയിൽ 496348.62/-രൂപ (1065594.68 - 648940.50 ) കരാറുകാരന് അധികമായി നല്കിയിട്ടുണ്ട്.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ചെലവു തുക 496349 /- രൂ. ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വാഴക്കന്ന് വിതരണം പ്രോജക്ട് മോണിട്ടർ ചെയ്തിട്ടില്ല

ഓഡിറ്റ് വർഷം കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വാഴകൃഷി പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം 9/15-16

പ്രോജക്ട് വാഴകൃഷി വികസനം

അടങ്കൽ 266667/-200000/- പൊതുവിഭാഗം

66667- ഉ വി

ചെലവ് ബിൽ നം 1/15-16/29-12-16 തുക 103250/-

ബിൽ നം 2/15-16/15-4-16 തുക 80692/-

ഫണ്ട് വികസന ഫണ്ട് പൊതുവിഭാഗം

പ്രോജക്ട് ഫയൽ പരിശോധനയിൽ 1851 ഗുണഭോക്താക്കൾക്ക് 18510 വാഴക്കന്ന് വിതരണം ചെയ്ത വകയിൽ 103250/-,80692/- രൂപയും (ഡി ഡി നം 178646/29-12-15,ഡി ഡി നം 654241/6-4-16), നൽകിയതായി കാണുന്നു.പ്രോജക്ട് പരിശോധനയിൽ താഴെപ്പറയും പ്രകാരമുള്ള അപാകത കാണുന്നു.

ജി.ഒ (എം എസ്)362/2013 തസ്വഭവ തി 16-11-2013 11-2(ഇ vi,vii) പ്രകാരം അംഗീകാരം ലഭിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യണം. കൂടാതെ ഖ. 19(1) പ്രകാരം മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്.

എന്നാൽ മാർഗ്ഗരേഖപ്രകാരം മേൽ രീതിയിൽ പ്രോജക്ടിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല.

## 3-4 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ മോണിട്ടർ ചെയ്തിട്ടില്ല

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മുട്ടക്കോഴി പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം 25/15-16

പ്രോജക്ട് മുട്ടക്കോഴി വിതരണം ജനറൽ

അടങ്കൽ 538175/-

ചെലവ് ബിൽ നം 1/15-16/15-1-16 തുക 311792/-

ബിൽ നം 2/15-16/18-3-16 തുക38208 /-

ഡി ഡി നം 178844/16-12-16 59277/- എക്സൽ എഗ്ഗർ നഴ്സറി

ഡി ഡി നം 178845/16-12-16 252515/- മലബാർ എഗ്ഗർ നഴ്സറി

ഡി ഡി നം 979645/21-3-16 38208/- മലബാർ എഗ്ഗർ നഴ്സറി

ഫണ്ട് : പൊതു വിഭാഗം ജനറൽ

പ്രോജക്ട് നം 39/15-16

പ്രോജക്ട് മുട്ടക്കോഴി വിതരണം പട്ടികജാതി

ബിൽ നം 5/15-16/18-3-16 തുക16120 /-

ഡി ഡി നം 979635/21-3-16 16120/- മലബാർ എഗ്ഗർ നഴ്സറി

ഫണ്ട് എസ് സി പി

പ്രോജക്ട് ഫയൽ പരിശോധനയിൽ 1045 ഗുണഭോക്താക്കൾക്ക് 5 കോഴി വീതം 4665 മുട്ടക്കോഴികളെ വിതരണം ചെയ്ത വകയിൽ 311792/- രൂപ (ബിൽ നം 1/15-16),ഗുണഭോക്തൃ വിഹിതം 106832 ഉൾപ്പടെ 418624 രൂപ എക്സൽ എഗ്ഗർ നഴ്സറി, മലബാർ എഗ്ഗർ നേഴ്സറി എന്നിവർക്ക് നൽകിയതായി കാണുന്നു. 114 ഗുണഭോക്താക്കൾക്ക് 5 കോഴി വീതം 570മുട്ടക്കോഴികളെ വിതരണം ചെയ്ത വകയിൽ 38208 (ബിൽ നം 2/16-3-16) രൂപ, ഗുണഭോക്താക്തൃ വിഹിതമായി 13092ഉൾപ്പെടെ 51300 രൂപ മലബാർ എഗ്ഗർ നേഴ്സറിക്ക് നല്കിയതായി കാണുന്നു. കൂടാതെ പട്ടിക ജാതിക്കാർക്കുള്ള മുട്ടക്കോഴി വിതരണവുമായി ബന്ധപ്പെട്ട് 48 ഗുണഭോക്താക്കൾക്ക് 5 കോഴി വീതം240മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുണ്ട്.

പ്രോജക്ട് പരിശോധനയിൽ താഴെപ്പറയും പ്രകാരമുള്ള അപാകത കാണുന്നു.

1.ഓഡിറ്റ് വർഷം 5475 മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുണ്ട്.ആയതിന്റെ അതിജീവന നിരക്ക് 50 ശതമാനത്തിലധികം കണക്കിലെടുത്താൽ 2600 മുട്ടക്കോഴികൾ 200 മുട്ട ഒരു വർഷം ഉത്പാദനം നടത്തുകയാണെങ്കിൽ 520000 മുട്ടയുടെ ഉത്പാദനം നടക്കണം. ആയത് 4 രൂപ പ്രകാരം വില്പന നടത്തുകയാണെങ്കിൽ 2080000/- രൂപയുടെ വിനിമയം, കൂടാതെ 260000 രൂപയുടെമാംസഉത്പാദനം (2600മുട്ട ക്കോഴികൾ 100 രൂപ വീതം) നടക്കേണ്ടതാണ്.ജി.ഒ (എം എസ്)362/2013 തസ്വഭവ തി 16-11-2013 11-2 (ഇ vi,vii) പ്രകാരം അംഗീകാരം ലഭിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി വർക്കിങ്ങ് ഗ്രൂപ്പുകൾ ഇത്തരത്തിൽ ഡാറ്റ കളക്ട് ചെയ്ത് പ്രോജക്ട് മോണിട്ടർ ചെയ്യണം. കൂടാതെ ഖ. 19(1) പ്രകാരം മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്.എങ്കിൽ മാത്രമേ പ്രോജക്ട് നിർവ്വഹണം ഫലപ്രാപ്തി വിലയിരുത്തി വരും വർഷങ്ങളിൽ അപാകതൾ പരിഹരിച്ച് സമാനപ്രോജക്ടുകൾ തയ്യാറാക്കാവൂ എന്ന് മേൽ ഉത്തരവിലെ ഖ11.13(vi)ൽ നിഷ്കർഷിക്കുന്നു.

എന്നാൽ മാർഗ്ഗരേഖ പ്രകാരം മേൽ രീതിയിൽ പ്രോജക്ടിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല.

## 3-5 തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം 12/16

പ്രോജക്ട് തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ 200000/- വികസനഫണ്ട് പൊതു വിഭാഗം

ചെലവ് 199643/- ബിൽ നം 17/29-1-16

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഘടിപ്പിക്കുവാനുള്ള തെരുവുവിളക്കുകൾ താഴെപ്പറയും പ്പറയും പ്രകാരം ക്രൂസിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണങ്ങൾ /എണ്ണം | ഇൻവോയ്സ് നമ്പർ/തിയ്യതി | തുക |
|---|---|---|
| LED 46W—4 nos<br>LED 12W---18 nos<br>2*11 CFL---75 nos<br>11W CFL---150 nos | 966/8-3-16 | 198886/- |

| | | |
|---|---|---|
| 11 w 4 pin cfl-- 8 nos<br>36/40 tube light—1 nos | 1115/21-3-15 | 757/- |
| | ആകെ | 199643/- ഡി ഡി നം 97999062/30-1-2016 |

പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1.ഏതൊക്കെ വാർഡുകളിലെ പോസ്റ്റുകളിൽ ഘടിപ്പിച്ചുവെന്നതിന് രേഖയില്ല.

2.കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

3.തെരുവു വിളക്ക് എ എം സി യുമായി ബന്ധപ്പെട്ട് 2015 ജൂലായ് 3-)ം തിയ്യതി AS 312097-)ം നമ്പർ മുദ്രപ്പത്രത്തിൽ വെച്ച കരാർ പ്രകാരം 2016 ജൂലായ് 3വരെ കരാറുകാരനായ ശ്രീ അബ്ദുൾ ലത്തീഫ് തെരുവുവിളക്കുകളുടെ അറ്റകുറ്റ പ്പണികൾ ചെയ്യുവാൻ ബാദ്ധ്യസ്ഥനാണ്.പ്രസ്തുത കരാറിലെ 10-)ം വ്യവസ്ഥയിൽ "ഖണ്ഡിക 1 ൽ കാണിച്ച എല്ലാ തെരുവുവിളക്കുകളും പ്രകാശിപ്പിക്കുന്നതിനുവേണ്ട എല്ലാ വസ്തുക്കളും കരാറുകാരൻ തന്നെ വാങ്ങി സ്ഥാപിച്ച് പ്രകാശിപ്പിക്കേണ്ടതാണെന്ന്" വ്യവസ്ഥ ചെയ്തിട്ടുണ്ട്.പ്രസ്തുത കരാർ വ്യവസ്ഥ നിലനിൽക്കേ മേൽ പർച്ചേസ് നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-6 തെരുവു വിളക്കുകൾക്ക് എ എം സികരാർ വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല

പ്രോജക്ട് നം 3/15-16

പ്രോജക്ട് തെരുവു വിളക്കുകൾക്ക് എ എം സി

അടങ്കൽ 100000/- 70000/- വികസന ഫണ്ട്

30000/- തനത് ഫണ്ട്

ചെലവ് 27620/- തനത് ഫണ്ട്

25790/- വികസന ഫണ്ട്

ഓഡിറ്റ് വർഷം തെരുവു വിളക്കുകൾക്ക് എ എം സിയുമായി ബന്ധപ്പെട്ട് കരാറുകാരനായ ശ്രീ അബ്ദുൾ ലത്തീഫിന് 27620/- തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 21500045/20-11-15, 25790/-രൂപ വികസന ഫണ്ടിൽ നിന്നും ഡി ഡി നമ്പർ 979419/2-3-14 പ്രകാരവും നല്കിയിട്ടുണ്ട്.പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. തെരുവു വിളക്കുകൾക്ക് എ എം സി ചാർജ്ജ് നല്കുന്നതുമായി ബന്ധപ്പെട്ട് 2015 ജൂലായ് മാസം 30-)ം തിയ്യതി വച്ച കരാർ ഉടമ്പടിയിലെ ഖണ്ഡിക12 പ്രകാരം ഏതെങ്കിലും തെരുവു വിളക്കുകൾ കത്താതിരുന്നാൽ ആയത് അടുത്ത അറ്റകുറ്റപ്പണികളുടെ ദിനത്തിൽ തന്നെ പുന:സ്ഥാപിക്കേണ്ടതും ഓരോ അറ്റകുറ്റപ്പണി ദിനത്തിലും പഞ്ചായത്തിലെ പരാതി പുസ്തകം പരിശോധിച്ച് പരാതികൾ പരിഹരിക്കേണ്ടതും പരിഹരിച്ച വിവരം പരാതിപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു.എന്നാൽ പരാതി പുസ്തകത്തിൽ വാർഡു വിവരങ്ങൾ മാത്രമാണ് എഴുതിയിരിക്കുന്നത്.

2. ഖണ്ഡിക11 ൽ കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടങ്ങൾ പിഴകൾ തുടങ്ങിയവക്കുള്ള തുക കരാറുകാരന്റെ ഡെപ്പോസിറ്റ് തുകയിൽ നിന്ന് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരം ഉണ്ടാകും എന്ന് വ്യവസ്ഥ ചെയ്തിരുന്നു.എന്നാൽ കരാറുകാരനിൽ നിന്ന് ഡെപ്പൊസിറ്റ് തുക വാങ്ങിയതായി രേഖയില്ല.ഫയൽ പരിശോധനയിൽ കരാർ കാലയളവിൽ കരാറുകാരനായ ശ്രീ അബ്ദുൾ ലത്തീഫ് പ്രവർത്തി ചെയ്ത തിയ്യതികൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കരാർ ഉടമ്പടി പ്രകാരമുള്ള പ്രവർത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചതായുള്ള വിവരം ലഭ്യമല്ല.

3. ഫയൽ പരിശോധനയിൽ കരാറുകാരന് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്കുകൾ മാറ്റിയിട്ട വകയിൽ 93595 രൂപ നൽകുവാനുണ്ട്. ശ്രീ അബ്ദുൾ ലത്തീഫ് കരാർലംഘനം നടത്തിയിട്ടുണ്ടോ എന്നുള്ള വിവരം പരിശോധിക്കേണ്ടതാണ്.

## 3-7 തെരുവുവിളക്കുകളുടെ പരിശോധന നടത്തിയിട്ടില്ല

ഓഡിറ്റ് വർഷം തെരുവുവിളക്കുകളുടെ ചാർജ്ജ് ഇനത്തിൽ താഴെ പ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തിയ്യതി | തുക |
|---|---|
| 21500025/9-4-15 | 16523 |
| 21500092/8-5-15 | 16523 |
| 21500164/8-6-15 | 18311 |
| 21500231/13-7-15 | 16563 |
| 21500303/17-8-15 | 16563 |
| 21500388/11-9-15 | 16563 |
| 21500474/7-10-15 | 16563 |
| 21500536/11-11-15 | 16563 |
| 21500603/9-12-15 | 16563 |
| 21500696/7-1-16 | 16563 |
| 21500772/10-2-16 | 16563 |
| 21500846/11-3-16 | 16563 |
| ആകെ | 200424 |

തുക നൽകിയതുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1.നിലവിൽ സൂക്ഷിച്ച് വരുന്ന തെരുവുവിളക്ക് രജിസ്റ്ററിൽ മാസം തോറും അടക്കുന്ന തുക മാത്രമാണ് ഉള്ളത്.എത്ര തെരുവുവിളക്കുകൾ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2.കെ എസ് ഇ ബി നല്കുന്ന ഡിമാന്റ് നോട്ടീസിൽ ഉപയോഗിച്ച വൈദ്യുതിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3.വൈദ്യുതി വിളക്കുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്ന് പഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

മേൽ അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു

## 3-8 തെരുവുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഓഡിറ്റ് വർഷം തെരുവുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ താഴെ പ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തിയ്യതി | തുക |
|---|---|
| 2150048/22-4-15 | 13125 |
| 21500109/19-5-15 | 13125 |
| 21500174/17-6-15 | 13125 |
| 21500239/13-7-15 | 13125 |
| 21500310/19-8-15 | 13125 |
| 21500413/16-9-15 | 13125 |
| 21500479/9-10-15 | 13125 |
| 21500550/17-11-15 | 13125 |
| 21500618/17-12-15 | 13125 |
| 21500618/29-1-16 | 13125 |
| 21500785/18-2-16 | 13125 |
| 21500850/11-3-16 | 13125 |
| ആകെ | 157500 |

തുക നൽകിയതുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1.നിലവിൽ സൂക്ഷിച്ച വരുന്ന വാട്ടർചാർജ്ജ് രജിസ്റ്ററിൽ മാസം തോറും അടക്കുന്ന തുക മാത്രമാണ് ഉള്ളത്.എത്ര തെരുവുടാപ്പുകൾ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ജി ഒ (ആർ ടി) 2242/2011/തസ്വഭവ 28-9-11ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്താത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകണം.എന്നാൽ നാളിതു വരെ സംയുക്ത പരിശോധനക്കായി പഞ്ചായത്ത് കത്ത് നൽകിയിട്ടില്ല.

2.വാട്ടർ ടാപ്പുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും,പ്രവർത്തിക്കുന്ന ടാപ്പുകൾ എത്രയുണ്ടെന്നും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-9 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് ലഭിച്ചില്ല

പ്രോജക്ട് നം 44/15-16

അടങ്കൽ 450000 പൊതു വിഭാഗം 400000

അടങ്കൽ 50000

ചെലവ് 436720 പൊതു വിഭാഗം 400000

അടങ്കൽ 36720

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ക്കൊടുക്കുന്നു.

1. ജി ഒ (ആർ ടി ) 3140/2015 തസ്വഭവ 16-2-15 പ്രകാരം വൈദ്യുത വകുപ്പിൽ നിന്ന് ക്ലിയറൻസ് വാങ്ങിയതിന് ശേഷം വേണം സപ്ളൈ ഓർഡർ നല്കേണ്ടത് .16-9-2015 തിയ്യതിയിൽ പഞ്ചായത്ത് എ2-844/15 പ്രകാരമുള്ള കത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുവാൻ അനുവാദം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് വൈദ്യുത ബോർഡ് അസി എഞ്ചിനീയർക്ക് കത്തുനൽകി.കത്തിലെ സൂചനയിൽ പ്രോജക്ടിന്റെ വിവരങ്ങൾ മാത്രമാണ് ചേർത്തത്. സൂചനയിൽ മേൽ സർക്കാർ ഉത്തരവിലെ 2-)ം നമ്പർ വ്യവസ്ഥ സൂചിപ്പിച്ചില്ല.വൈദ്യുത വകുപ്പിൽ നിന്ന് ക്ലിയറൻസ് വാങ്ങാതെയാണ് സപ്ളൈ ഓർഡർ നൽകിയത്.

2.ഹൈമാസ്റ്റ് സ്ഥാപിച്ച വകയിൽ 436720/- രൂപ ഡി ഡി നം 545968/25-8-15 പ്രകാരം അയച്ചു കൊടുത്തങ്കിലും ക്രോസ് രശീത് നല്കിയിട്ടില്ല. രശീത് ലഭ്യമാക്കുവാൻ പഞ്ചായത്ത് എ2-3734/15/19-8-15 പ്രകാരം കത്ത് നല്കിയെങ്കിലും നാളിതുവരെ രശീത് ലഭ്യമാക്കിയില്ല.

മേൽ അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-10 പഞ്ചായത്ത് നൽകുന്ന തുകക്ക് രശീത് ലഭിക്കുന്നില്ല

ഓഡിറ്റ് വർഷം പഞ്ചായത്ത് വിവിധ പ്രോജക്ടുകൾക്കായി നല്കിയ താഴെപ്പറയുന്ന തുകകൾക്ക് രശീത് വിനിയോഗവിവരം എന്നിവ അതത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | നൽകിയ തുക | കൈപ്പറ്റിയ സ്ഥാപനം | പഞ്ചായത്ത് നടപടിക്രമം | അപാകത |
|---|---|---|---|---|
| നം 76/15-16<br>മീഡിയശ്രീക്ക് തുക നല്കൽ<br>അടങ്കൽ 65000/-<br>ചെലവ് 65000/-<br>ഡി ഡി നം 178978/28-12-16 | 65000/- | എക്സി: ഡയറക്ടർ കുടുംബശ്രീ സ്റ്റേറ്റ് മിഷൻ | എ2-3713/14 /29-1-16 | രശീത് വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല. |

അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തടസ്സം ചെയ്യുന്നു.

## 3-11 അവിവാഹിത പെൻഷൻ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

ജി ഒ (എം എസ് ) 14/2001 സാ.ക്ഷ.വ 31-3-2001-)ം നമ്പർ ഉത്തരവിൽ പെൻഷൻ ലഭിക്കുന്ന ഗുണഭോക്താവ് രണ്ടു വർഷം പൂർത്തിയാക്കുമ്പോൾ താൻ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കുന്നതിനായി നിശ്ചിത ഫോറത്തിൽ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സഹിതം അതത് തദ്ദേശസ്വയം ഭരണമേധാവിക്ക് നൽകിയാൽ മാത്രമേ തുടർന്ന് പെൻഷൻ ലഭിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ നിലവിൽ അവിവാഹിതപെൻഷൻ വാങ്ങുന്ന 30 ഗുണഭോക്താക്കൾ ലൈഫ് സർട്ടിഫിക്കറ്റ് നൽകിയതായി രേഖയില്ല.

ഭാവിയിൽ സർക്കാർ ഉത്തരവിന് അനുസൃതമായി മാത്രം പെൻഷൻ വിതരണം ചെയ്യേണ്ടതാണ്.

## 3-12 തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം 174 പ്രവർത്തികൾ നടപ്പിലാക്കുവാൻ 41462തൊഴിൽ ദിനങ്ങളിലായി (ആൺ -1708,പെൺ-39754) 5510744 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തികളുടെ വിശദാംശങ്ങൾ | എണ്ണം |
|---|---|
| പരമ്പരാഗത ജലസ്രോതസ്സ് | 12 |
| ഹരിതവല്കരണം | 13 |

| | |
|---|---|
| ഐ എ വൈ | 37 |
| ജലസംരക്ഷണം | 87 |
| ഭൂവികസനം | 15 |
| ഇറിഗേഷൻ | 10 |
| ആകെ | 174 |

അപാകതകൾ ചുവടെ ചേർക്കുന്നു

1.തൊഴിൽ രജിസ്ട്രേഷൻ അപേക്ഷ രജിസ്റ്റർ (ഫോറം സി 7) സൂക്ഷിക്കുന്നില്ല.ആയതിനാൽ ഓഡിറ്റ് വർഷം അപേക്ഷകൾ ലഭിച്ചതിന്റെ കൃത്യത പരിശോധിക്കാനായില്ല.ലഭ്യമാക്കിയ 57 അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകൾ തിയ്യതി വക്കാതെയാണ് സ്വീകരിക്കപ്പെടുന്നത്.തിയ്യതി വയ്ക്കാത്തതിനാൽ 15 ദിവസത്തിനകം തൊഴിൽകാർഡ് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.കൂടാതെ തൊഴിൽ അപേക്ഷകൾ വാർഡ് ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല.

2.തൊഴിൽ കാർഡ് അപേക്ഷ രജിസ്റ്റർ (ഫോറം ബി 9)ഓഡിറ്റ് വർഷത്തിൽ സൂക്ഷിച്ചിട്ടില്ല.

3.മസ്റ്റർ റോൾ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.174 പ്രവർത്തികൾക്കായി 8-1-16 വരെ 112 മസ്റ്റർ റോളുകൾ കൈപ്പറ്റിയതായി കാണുന്നു.8-1-16 ന് രേഖപ്പെടുത്തിയ ക്രമനമ്പർ 112/9-7-15,41/15(1)ന് ശേഷം മസ്റ്റർറോൾ വിതരണരജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

4.തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ പ്രവർത്തികളുടെയും മേൽനോട്ടം,സാമൂഹിക പരിശോധന സോഷ്യൽ ഓഡിറ്റ് നിർവ്വഹണം എന്നിവ മോണിട്ടറിങ്ങ് സമിതി പരിശോധിച്ച് വിലയിരുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പുതിയ ഭരണസമിതി അധികാരമേറ്റതിന് ശേഷം മോണിട്ടറിങ്ങ് സമിതി രൂപീകരിച്ചിട്ടില്ല. 27-1-11 നാണ് തൊഴിലുറപ്പുമായി ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി രൂപീകരിച്ചത്. ഓഡിറ്റ് വർഷത്തിൽ 3000 വൃക്ഷതൈകൾ ഗ്രാമപഞ്ചായത്തിൽ വച്ചു പിടിപ്പിച്ചിക്കുവാൻ 330860/- രൂപ ചെലവഴിച്ചിട്ടുണ്ട്.ഇത്തരത്തിൽ തുക ചെലവഴിച്ച് നടത്തിയ തുടർസംരക്ഷണം ആവശ്യമായ പ്രവർത്തികളുടെ മോണിട്ടറിങ്ങ് നടത്തുവാൻ ഗ്രാമപഞ്ചായത്ത് മോണിട്ടറിങ്ങ് സമിതി രൂപീകരിക്കാത്തത് ഗുരുതരമായ അപാകതയാണ്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി - പ്രൊജക്റ്റ് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും വീഴ്ച

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള 'ആശ്രയ'ഒന്നാംഘട്ട പ്രൊജക്റ്റ് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിതുടങ്ങിയത് 2010 മുതലാണ്. ആദ്യ പ്രൊജക്റ്റിൽ ആകെ 45 അഗതി കുടുംബങ്ങളാണുണ്ടായിരുന്നത്. ഇതിൽ കുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ നിർണ്ണയിക്കുന്നതിലും അനുബന്ധ വിവരങ്ങൾ ശേഖരിച്ച് പ്രൊജക്റ്റിൽ ഉൾപ്പെടുത്തുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. 2013-16 കാലത്തേക്ക് തയ്യാറാക്കിയ തുടർ സേവന പ്രൊജക്റ്റിൽ ഒന്നാംഘട്ട പ്രൊജക്റ്റ് പ്രകാരം ക്ലേശഘടകങ്ങൾ പരിഹരിക്കപ്പെട്ടത് ഒഴിവാക്കി തുടർ സേവനം ആവശ്യമായവരെ മാത്രം ഉൾപ്പെടുത്തിയാണ് തയ്യാറാക്കേണ്ടത്. ആയത് പ്രകാരം തയ്യാറാക്കിയ പ്രൊജക്റ്റിൽ ആകെ 40 പേരാണുള്ളത്. എന്നാൽ ആദ്യഘട്ട പ്രൊജക്റ്റിലേതിനേക്കാൾ കുടുംബങ്ങളുടെ ക്ലേശഘടകങ്ങൾ കൂടിയരീതിയിലാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്. മാത്രമല്ല, ആദ്യ പ്രൊജക്റ്റ് പ്രകാരമുള്ള ക്ലേശഘടകങ്ങളൊന്നും പരിഹരിക്കപ്പെട്ടതായും കാണുന്നില്ല. ആദ്യഘട്ട പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ ഉണ്ടായ അപാകത കാരണം പ്രൊജക്റ്റിലുൾപ്പെട്ട കുടുംബങ്ങളുടെ മുഴുവൻ പിന്നാക്കാവസ്ഥയും ശ്രദ്ധിക്കപ്പെടാതാവുകയോ പരിഹരിക്കപ്പെടാതാവുകയോ ചെയ്തു. ഒന്നാംഘട്ടപ്രൊജക്റ്റ് തുടർ സേവന പ്രൊജക്റ്റ് എന്നിവ പ്രകാരമുള്ള

കുടുംബങ്ങളുടെ എണ്ണം, ക്ലേശഘടകങ്ങൾ , നാളിതുവരെയുള്ള അവസ്ഥ എന്നിവ സംബന്ധിച്ച വിവരം താഴെ ചേർത്ത പ്രകാരമാണ്.

| വിവരണം | ഒന്നാംഘട്ടം 2010-2013 | തുടർ സേവന പ്രൊജക്റ്റ് 2013-2016 |
|---|---|---|
| ആകെ ഗുണഭോക്താക്കൾ | 45 | 40 |
| വീട് ആവശ്യമുള്ളവർ | 4 | 5 |
| വീട് ലഭിച്ചവർ | ഇല്ല | 4 |
| വീട് റിപ്പയർ ആവശ്യം | 4 | 11 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| കക്കൂസ് ആവശ്യമുള്ളവർ | 1 | 1 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| കുടിവെള്ളം ആവശ്യമുള്ളവർ | 5 | 11 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |

പോഷകാഹാരകിറ്റ് ലഭ്യമാക്കിയതിനു പുറമെ, വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം മാത്രമെ ആശ്രയ കുടുംബങ്ങൾക്ക് നാളിതുവരെ ലഭിച്ചിട്ടുള്ളൂ എന്ന് മേൽചേർത്ത കണക്കുകൾ വ്യക്തമാക്കുന്നു. ആയത് തന്നെ മുഴുവൻ കുടുംബങ്ങൾക്കും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തുടർ സേവന പ്രൊജക്റ്റ് പ്രകാരമുള്ള 40 കുടുംബങ്ങൾക്കും ആശ്രയ പരിചരണ സേവന പാക്കേജ് പ്രകാരം നിലവിൽ ഭക്ഷണക്കിറ്റ് നല്കി വരുന്നുണ്ട്. 2015-16 വരെ ആകെ 1145624 രൂപയാണ്( 1121000 + 24624) ചാലഞ്ച് ഫണ്ടിനത്തിൽ വരവ്. തൻവർഷാവസാനം പലിശ ഉൾപ്പെടെ ആകെ 822621/- നീക്കിയിരിപ്പുണ്ട്. 2010 മുതൽ പതിനൊന്നാം പദ്ധതി കാലത്ത് തന്നെ ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചിട്ടും അഗതി കുടുംബങ്ങളുടെ അടിസ്ഥാന ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാത്തത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുണ്ടായ ഗുരുതരമായ വീഴ്ചയാണ്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും അശരണരുമായവരെ മുഖ്യധാരയിലെത്തിക്കുന്നതിന് ആവിഷ്കരിച്ച ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തിൽ ലക്ഷ്യബോധത്തോടെ നടപ്പാക്കുന്നതിന് അടിയന്തിര പ്രാധാന്യം നല്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| | നമ്പർ/തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 479/2010 /തസ്വഭവ , തിയ്യതി : 11.02.2010 | 43,00000/- | 16,05,000 | 50,000 | | 15,55,000/- |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നാദാപുരം കോ.ഓപ്പ് ഹോസ്പിറ്റൽ | 10,000/- |
| | |
| ആകെ | 10,000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1988-99 | 22,23 | 2003-04 | പൊതുപരാമർശം 3-7(11) | കാലഹരണപ്പെട്ട നികുതികൾ |
| 2000-01 | 23,24 | 2003-04 | പൊതുപരാമർശം 3-7(22) | കാലഹരണപ്പെട്ട നികുതികൾ |
| 2001-02 | 2-1 | 2005-06 | പൊതുപരാമർശം 2-2(6) | ക്യാഷ് ബുക്ക് ,വരവ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28970017 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37813723 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 507434 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1112697 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11085 | ശ്രീമതി ഒസീലാബീവി , അസി. എഞ്ചിനീയർ |
| 3-2 | | 496349 | ശ്രീമതി ഒസീലാബീവി അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 199643 | ശ്രീ സതീഷ്ബാബു.പി കെ, സെക്രട്ടറി |
| 3-6 | 53410 | ശ്രീ സതീഷ്ബാബു.പി കെ സെക്രട്ടറി |
| 3-7 | 200424 | ശ്രീ സതീഷ്ബാബു പി കെ. സെക്രട്ടറി |
| 3-8 | 157500 | ശ്രീ സതീഷ്ബാബു പി കെ. സെക്രട്ടറി |
| 3-9 | 436720 | ശ്രീ സതീഷ്ബാബു പി കെ. സെക്രട്ടറി |
| 3-10 | 65000 | ശ്രീ സതീഷ്ബാബു പി കെ. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സതീഷ് ബാബു പി കെ, സെക്രട്ടറി | സെക്രട്ടറി, തൂണേരി ഗ്രാമപഞ്ചായത്ത് | സ്നേഹതീരം, നിടുമ്പ്രം, ചൊക്ലി പി ഓ, 670672 |
| ശ്രീമതി ഒസീലാബീവി<br>അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ, എൽ എസ് ജി ഡി, തൂണേരി | നടുവിലാച്ചേരി, കഞ്ചവേളി, കോട്ടയം, 8089690958 |
| ശ്രീ രതീഷ് പി ആർ ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, തൂണേരി ഗ്രാമപഞ്ചായത്ത് | പാലംപൊയ്കയിൽ, എടക്കാഡം, എഴുക്കോട്, 9447894761 |
| ഡോ. സുനിൽ കുമാർ കെ പി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, തൂണേരി ഗ്രാമപഞ്ചായത്ത് | ഹരിശ്രീ - വീട്, പുതുപ്പണം, വടകര - 673105 |

## 4-9 തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1993-94 | എൽ.എഫ്.കെ.കെ.ഡി/പി5/224/10<br>തീ: 04.07.11 | 2 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി5/224/10<br>തീ: 04.07.11 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/എസ്3/1247/10തീ :13.09.2005 | 11 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/എസ്3/701/03തീ :13.09.2005 | 14 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/എസ്3/1362/03തീ :13.09.2005 | 9 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി 5/1175/11<br>തീ :1.09.2011 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി 5/1094/08<br>തീ :04.03.2009 | 4 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി 5/1083/09<br>തീ :05.10.2009 | 7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി 5/462/10<br>തീ :22.05.2010 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി 5/74/11(1)<br>തീ :10.05.2011 | 10 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/എസ്2/1172/10തീ :23.08.2011 | 23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി 11/1916/10തീ :25.03.2013 | 17 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/പി 11/2203/14തീ :07.02.2015 | 07 |
| 2012-13,2013-14 | എൽ എഫ് എ കെ കെ ഡി/പി11/428/2015 | 22 |
| 2014 – 15 | കെ.എസ്.എ.കെ.കെ.ഡി/പി11/1218/2016 തീയ്യതി 11.7.16 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി11/49/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി:21-1-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P11/49/2017

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated:21-1-2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thuneri Grama Panchayat for the year ended on 2015-16 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Thuneri Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.